കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പോരുവഴി ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

**e-mail:doklm.ksad@kerala.gov.in**

**(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ/കെ.എൽ.എം/പി.10/1858/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 24/01/2020.

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

പോരുവഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പോരുവഴി ഗ്രാമപഞ്ചായത്ത് – 2018-19 -സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരുവഴി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൽ.എം/പി.10/1858/2019, തീയതി – 24/01/2020

## കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.01.2019 മുതൽ തീയതി 31.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.സൈമൺ , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2019മുതൽ 30.11.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അജി.കെ.എസ് ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി.റ്റി.സിന്ധു, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജി.അമ്പിളി സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | |

| | |
|---|---|
| | ശ്രീമതി.സുനിത സെബാസ്റ്റ്യൻ,<br>ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എസ്.ഷീജ | 1-4-18 മുതൽ 31-3-19 വരെ |
| സെക്രട്ടറി | ശ്രീ ജയപ്രകാശ് | 1-4-18 മുതൽ 31-3-19 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി . സുശീല .ഇ | 1.4.18 മുതൽ<br>22.6.18 വരെ |
| | ശ്രീ.സുധീർ.എ | 23.6.18മുതൽ<br>12.10.18 വരെ |
| | ശ്രീമതി .സി.ഒ.കോമളവല്ലി | 13.10.18മുതൽ<br>31.3.19 വരെ |
| അസ്സിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. | ശ്രീമതി.ശാലിനി.എസ്. | 1.4.18 മുതൽ<br>27.6.18 വരെ |
| | ശ്രീമതി.ലക്ഷ്മി.ജി.മോഹൻ | 28.6.18മുതൽ<br>31.3.19 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.കെ.ജയകുമാർ | 1.4.18മുതൽ<br>31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ശ്രീ.പ്രവീൺ കുമാർ | 1.4.18മുതൽ<br>31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ശ്രീ.സനോജ് സാം | 1.4.18മുതൽ<br>31.3.19 വരെ |
| ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ്,<br>കമ്പലടി | ശ്രീ.രഘുനാഥൻ | 1.4.18മുതൽ<br>8.5.18 വരെ |
| | ശ്രീമതി.ശ്രീലത1-31 | 9.5.18മുതൽ<br>31.3.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റീന രവീന്ദ്രൻ | 1.4.18മുതൽ<br>31.3.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷീബ | 1.4.18 മുതൽ<br>15.7.18 വരെ |
| | ശ്രീമതി.സംഗീത.ജി | 16.7.18 മുതൽ<br>31.3.19 വരെ |

| | | |
|---|---|---|
| വി.ഇ.ഒ. (സർക്കിൾ1) | ശ്രീ.റോബിൻ സാമുവൽ | 1.4.18മുതൽ 31.3.19 വരെ |
| | ശ്രീ.ദീപു.കെ.എസ്. | 1.4.18മുതൽ 1.10.18 വരെ |
| | ശ്രീ.ബിനീഷ് ചന്ദ്രൻ | 2.10.18മുതൽ 31.3.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഷംല .എ | 1.4.18മുതൽ 31.7.18 വരെ |
| | ശ്രീമതി.അല്ലി.എസ് | 1.8.18മുതൽ 31.3.19 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വൈദ്യുതി ലൈൻ നീട്ടൽ – പണി പൂർത്തീകരിച്ചിട്ടില്ല | 1-12 |
| 13 | തുടർ സാക്ഷരതാ പദ്ധതി- രേഖകൾ ഹാജരാക്കിയില്ല. | 1-13 |
| 14 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-14 |
| 15 | പൊതുമരാമത്ത് പ്രവൃത്തിയുടെ അനന്തമായി നീണ്ടു പോകുന്നു | 1-15 |
| 16 | അനധികൃത നിർമ്മാണം | 1-16 |
| 17 | പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം | 1-17 |
| 18 | യന്ത്രത്തിൻ്െറ കുതിരശക്തിക്ക് അനുസരിച്ച് മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല | 1-18 |

| | | |
|---|---|---|
| 19 | ഗ്രാമസഭ ലിസ്റ്റിൽ ഇല്ലാത്ത ആളുകൾക്ക് ആനുകൂല്യം നൽകി | 1-19 |
| 20 | മരുന്ന് ലഭിച്ചിട്ടില്ല | 1-20 |
| 21 | ലൈഫ് വീടു പണി തുടങ്ങിയിട്ടില്ല | 1-21 |
| 22 | ഹോംകെയറിന് അധികം നൽകി | 1-22 |
| 23 | അങ്കണവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല | 1-23 |
| 24 | ഷോപ്പിംഗ് കോംപ്ലക്സ് വാടക | 1-24 |
| 25 | ലേലം | 1-25 |
| 26 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ അനധികൃത നിർമ്മാണം | 1-26 |
| 27 | ഇടപ്ലാവിലവിള റോഡ് റീടാറിംഗ്-അപാകതകൾ | 1-27 |
| 28 | കുന്നുവിള-പുത്തന് വീട് റോഡ് സൈഡ് വാൾ നിർമ്മാണം | 1-28 |
| | **ഭാഗം 3** | |
| 29 | ഹോംകെയറിന് അധികം നൽകി | 3-1 |
| | **ഭാഗം 4** | |
| 30 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത റിപ്പോർട്ട് | 4-8 |
| 38 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 41 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2018 – 2019 | 1 |

| | | |
|---|---|---|
| 42 | അനുബന്ധം -2, അനുബന്ധപത്രികകൾ | 2 |

# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

27.03.2018തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 08.02.2019 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 13.05.2018 | ----- | ----- |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,31,34,242 |
| വരവ് | 12,30,87,077 |
| ആകെ | 13,62,21,319 |
| ചെലവ് | 11,26,13,112 |
| നീക്കിയിരിപ്പ് | 2,36,08,207 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 18571000 | 18571000 | 17841387 | 729613 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 13402000 | 13402000 | 13402000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 58000 | 58000 | - | 58000 |
| മെയിന്ററനൻസ്, റോഡ് (ACR പ്രകാരം) | | - | 19724000 | 19724000 | 19724000 | - |
| മെയിന്ററനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 4009000 | 4009000 | 4009000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 8618000 | 8618000 | 6291827 | 2326173 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | - | - | - |
| സാക്ഷരത | | 210106 | 7451 | 217557 | - | 217557 |
| ദുരിതാശ്വാസനിധി | | 0 | 604720 | 604720 | 566947 | 37773 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 50192312 | 50192312 | 50192312 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 773 | 694520 | 695293 | 639812 | 55481 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| സമ്പൂർണ്ണ ശുചിത്വം | | 4147160 | 1761973 | 5909133 | 180000 | 5729133 |
| ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | | 621637 | 1247838 | 1869475 | 1000000 | 869475 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| തൊഴിൽരഹിതവേതനം | | - | 466680 | 466680 | 466680 | - |
| വിധവകളുടെ പെൺമക്കളുടെ വിവാഹധന സഹായം | | - | 840000 | 840000 | 840000 | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 246992 | 3593495 | 3840487 | 3159929 | 680558 |
| | ജില്ലാ പഞ്ചായത്ത് | 455805 | 3185564 | 3641369 | 2984145 | 657224 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6367136 | 38773175 | 45140311 | 35690879 | 9449432 |
| | ട്രഷറി അക്കൗണ്ട് | 1084633 | 11248167 | 12332800 | 6383453 | 5949347 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 143605465 | 116 | 95559862 | 10 | 44 | 68.23 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 773 | 694520 | 695293 | 639812 | 55481 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 50192312 | 50192312 | 50192312 | 0 |

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 4,66,680 | 341 |
| കർഷകതൊഴിലാളി പെൻഷൻ | 10,38700 | 82 |
| വിധവാപെൻഷൻ | 1,47,50,700 | 1,174 |
| വാർദ്ധക്യകാലപെൻഷൻ | 2,85,72,100 | 2,283 |
| വികലാംഗപെൻഷൻ | 56,88,100 | 445 |
| 50 വയസ്സ്കഴിഞ്ഞ അവിവാഹിതാരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,92,000 | 15 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2019-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35,534/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. അക്കൗണ്ടിംഗ് സമ്പ്രദായം സുതാര്യമാണ്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിദിന കളക്ഷൻ അന്നേദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വസ്തുനികുതി ഇനത്തിലെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2019-20-ലേക്കുള്ള ഇറച്ചിലേലത്തിൽ ആരും ലേലംകൊണ്ടിട്ടില്ല.ചക്കുവള്ളി മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവ് മുൻവർഷത്തെ അപേക്ഷിച്ചു വളരെ കുറഞ്ഞ തുകക്കാണ് ഉറപ്പിച്ചു നല്കിയത്.അയൽ പഞ്ചായത്തിൽ നിന്നുള്ള കച്ചവടക്കാർ ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ വച്ച് ഇറച്ചിക്കച്ചവടം നടത്തുന്നതിനാൽ ലേലം കൊള്ളുന്ന നഷ്ടമാണെന്നും , ഇപ്രകാരം മാർക്കറ്റിൽ കച്ചവടം കുറയുന്നതിനാൽ ഗേറ്റ് ഫീസിലും കുറവു വരുന്നു എന്നും പല പ്രാവശ്യവും പോലീസിൽ പരാതി നൽകി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജനപ്രതിനിധികൾ എക്സിറ്റ് മീറ്റിംഗിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും ശരിയായി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ

പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| **ഓഡിറ്റ്** | **അവസാനം ഓഡിറ്റ് നടത്തിയ തീയതി** | **ഓഡിറ്റ് കാലയളവ്** | **റിപ്പോർട്ട് ലഭിച്ച തീയതി** |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.10.2019 | 7/2019 & 8/2019 | 09.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.09.2016 – 14.10.2016 | 2011-12 – 2015-16 | 15.03.2017 |

1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. ബാലൻസ് ഷീറ്റ് ബി.4-ഷെഡ്യൂൾ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് നീക്കിയിരിപ്പുതുകയും ട്രഷറി TSB Joint Venture അക്കൗണ്ട് നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. ബാലൻസ് ഷീറ്റ് ബ3 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയേക്കാൾ ഉയർന്ന തുകയാണ് ബി.11-Fixed Asset -ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
3. കെട്ടിടനികുതി (റെസിഡൻഷ്യൽ & നോൺ - റസിഡൻഷ്യൽ) തൻവർഷ ഡിമാന്റ് കളക്ഷൻ തുകകൾ - യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ – സാംഖ്യ എന്നിവയിലുൾപ്പെട്ടിട്ടുള്ള കണക്കുകൾ തമ്മിൽ അന്തരം കാണുന്നു.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. 2017-18 വർഷം ഒടുക്കുവാൻ അവശേഷിക്കുന്ന വാറ്റ് തുക 2018-19 വർഷവും ഒടുക്കുവാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്നു
6. അസറ്റ് - ഡിപ്രീസിയേഷൻ വിശദാംശങ്ങൾ ബോധ്യപ്പെട്ടിട്ടില്ല.

***<u>Abstract of defects/defiencies</u>***

1. *The closing balance of Treasury joint venture Account (JP + BP) included in balance sheet B4 schedule is not agreeing with Treasury TSB Joint Venture Account in RP 40(b)*
2. *The amount included in the Balance Sheet B3-Capital Contribution figure is less than the amount in B11-Fixed Asset Schedule.*
3. *The Demand, Collection Balance included in the AFS in respect of Property Tax (Arrear and Current ) is not agreeing with actual DCB and Sanchaya Statement.*
4. *Asset Register is not updated.*
5. *VAT Balance due for remittance during the year 2017-18 is also included in the balance sheet 2018-19 as dues for remittance.*
6. *Asset depreciation details not convinced.*

1-12 വൈദ്യുതി ലൈൻ നീട്ടൽ പണി പൂർത്തീകരിച്ചിട്ടില്ല

| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| പദ്ധതി,നം | വൈദ്യുതി ലൈൻ നീട്ടൽ (SO.21/19) |
| അടങ്കൽ തുക | 2808755/- (CFC ഗ്രാന്റ്) |
| ചെലവ് തുക | 2724105/- , (ബിൽ നം.6/18-19/26.6.18) |

36.950km വൈദ്യുതി ലൈൻ നീട്ടലിനായി 2017-18 സാമ്പത്തിക വർഷത്തെ 32,12,122/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 2017-18 വർഷം 488017/-, 2018-19 വർഷം 2724105/-രൂപയും ഉൾപ്പടെ ആകെ 3212122/- രൂപ KSEB യിൽ നിന്നുള്ള

എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഒടുക്കു വരുത്തി. KSEB യുമായി 25.6.18 തീയതിയിൽ ചമച്ച കരാർ പ്രകാരം പ്രവൃത്തി 2018 ൽ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ നാളിതുവരെയുള്ള പ്രവർത്തനം ആരംഭിച്ചിട്ടില്ല. മാത്രവുമല്ല 2018 – 2019 വർഷം ഒടുക്കു വരുത്തിയ 32,12,122/- രൂപയ്ക്ക് 27.22 km മാത്രമേ വൈദ്യുതി ലൈൻ നീട്ടാൻ സാധിക്കുകയുള്ളൂവെന്നും ആയതിനാൽ പണി പൂർത്തീകരിക്കാനായി 11,47,978/- രൂപ കൂടി ഒടുക്കു വരുത്തണമെന്നും വ്യക്തമാക്കി കൊണ്ട് കത്ത് നൽകുകയും ടി തുക ഒടുക്കു വരുത്തുകയും ചെയ്തു.മേൽ പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് നിർമ്മാണ ചെലവ് റിവൈസ് ചെയ്തതിനാലും, ജി.എസ്.ടി തുക ഉൾപ്പെട്ടതിനാലുമാണ് വീണ്ടും 11,47,978/-രൂപയുടെ എസ്റ്റിമേറ്റ് കൂടി ഹാജരാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കു വരുത്തുകയും ചെയ്തിട്ടുള്ളത് എന്നാണ്. വൈദ്യുതി ലൈൻ നീട്ടൽ പദ്ധതി നാളിതു വരെ പൂർത്തീകരിക്കാത്തതിനാൽ 2018-19 വർഷം ചെലവഴിച്ച 2724105/-രൂപ തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതും KSEB യുമായി ശരിയായ രീതിയിൽ കരാർ വച്ച് കരാർ കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിച്ച് അധിക ചെലവ് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 തുടർ സാക്ഷരതാ പദ്ധതി- രേഖകൾ ഹാജരാക്കിയില്ല.

| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| പദ്ധതി,നം | തുല്യതാ പരീക്ഷ (175/19) |
| അടങ്കൽ തുക | 121250/- (തനത് ഫണ്ട്) |
| ചെലവ് തുക | 120200/- ,(ചെക്ക് നം.2148600/27.3.19) |

തൻവർഷം തുടർ സാക്ഷരതാപദ്ധതിയിൽ ഉൾപ്പെടുത്തി പത്താംതരതുല്യതാ പരീക്ഷക്കായി 22 ഗുണഭോക്താക്കൾക്ക് 1,850/- രൂപ നിരക്കിൽ 40700/-രൂപയും പ്ലസ് ടു തുല്യതാ പരീക്ഷക്കായി 10 ഗുണഭോക്താക്കൾക്ക് 2,200/- രൂപ നിരക്കിൽ 22000/- രൂപയുംപ്ലസ് വൺ തുല്യതാ പരീക്ഷക്കായി 23 ഗുണഭോക്താക്കൾക്ക് 2,500/- രൂപ നിരക്കിൽ 57500/- രൂപയും ഉൾപ്പെടെ ആകെ 120200/- രൂപ സാക്ഷരതാ മിഷനിലേക്ക് അടവാക്കിയിട്ടുണ്ട്. പക്ഷെ ഈ ഗുണഭോക്താക്കൾ പരീക്ഷക്ക് രജിസ്റ്റർ ചെയ്തതിന്റെയോ, പങ്കെടുത്തതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 120200/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-14 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2018-19 വർഷം വിവിധ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| **ക്രമ നം** | **നിർവഹണോദ്യോഗസ്ഥൻ** | **പദ്ധതി , നം** | **അടങ്കൽ തുക** | **ചെലവ് തുക** | **ബിൽ നം/ തീയതി** | **റിമാർക്സ്** |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി | IKM ന് വിഹിതം നൽകൽ (9/19) | 101623/- (വികസന ഫണ്ട്) | 101623/- | 4/18-19/ 28.6.18 | ഇൻഫർമേഷൻ കേരള മിഷന് നൽകി. |
| 2. | എച്ച്.എം | എസ്.എസ്.എ വിഹിതം നൽകൽ(3/19) | 400000 (വികസന ഫണ്ട്) | 400000 | 1/18-19/ 22.7.18 | പ്രോജക്ട് ഓഫീസർ, ശാസ്താംകോട്ടയ്ക്ക് നൽകി |
| 3. | സെക്രട്ടറി | പോസ്റ്റ് ഷിഫ്റ്റിംഗ് (നം.21/19) | 200000/- (CFC ഗ്രാന്റ്) | 194789 | | 8 പ്രവൃത്തികൾക്കായി KSEB യിൽ ഒടുക്കു വരുത്തി. |
| 4. | സെക്രട്ടറി | ഷോപ്പിംഗ് കോംപ്ളക്സ് അമ്പലത്തലത്തും ഭാഗം റൂം നം.9/55 വാട്ടർ കണക്ഷൻ | - | 7958 | വൗച്ചർ നം.21600129 ,7/5/18 | കേരള വാട്ടർ അതോറിറ്റി, ശാസ്താംകോട്ട യിൽഒടുക്കു വരുത്തി. |
| | | | ആകെ | 704370 | | |

1-15 പൊതുമരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണം അനന്തമായി നീണ്ടു പോകുന്നു.
പദ്ധതി നം-142/19
കരാറുകാരൻ-രാജ്കുമാർ
പദ്ധതിനം-166/17 , കുറ്റിയിൽമുക്ക്-തറയിൽമുക്ക്റോഡ് ഫില്ലിംഗ്

2017 – 18-ൽ കരാർ വച്ച് ഏറ്റെടുത്ത ടി പ്രവൃത്തി 2018 -19 വർഷവും രെ പൂർത്തിയായിട്ടില്ല. 71/ae/lsgd/17-18 dt.24-3-18 പ്രകാരം കരാർ വെച്ചിട്ടുണ്ടെങ്കിലും കരാറുകാരൻ പ്രവർത്തി ആരംഭിക്കുന്നതിന് തയ്യാറായില്ല. നാലുമാസത്തെ പൂർത്തീകരണ കാലാവധി അനുവദിച്ചിരുന്ന ടി പ്രവർത്തിയുടെ കാലാവധി അവസാനിച്ചിട്ടും കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിച്ചു കാണുന്നില്ല. കരാറുകാരന് നോട്ടീസ് നല്കിയതനുസരിച്ച് മൂന്നുമാസത്തെ റസ്റ്റ് ആവശ്യമുണ്ടെന്ന് സൂചിപ്പിച്ച് കരാറുകാരൻ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ ഏതു തീയതിയിൽ പ്രവർത്തി ആരംഭിച്ചു എന്നുവ്യക്തമാകുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നാളിതുവരെ ടിയാൻ നടത്തിയ പ്രവർത്തി സംബന്ധിച്ചുള്ള വിവരങ്ങൾ എംബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 26-11-19-ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ടി റോഡ് നിലവിൽ കാടുമൂടിയും കാൽനടക്കുപോലും യോഗ്യമല്ലാത്ത നിലയിലാണെന്ന് ബോധ്യമായിട്ടുണ്ട്. റോഡിന്റെ ആദ്യഭാഗത്തും 38 മീറ്ററിന് ശേഷവും രണ്ടു കൾവർട്ടുകൾ പ്ളാറ്റുഫോറം വരെ ചെയ്തു നിർത്തിയിട്ടുണ്ട്. എന്നാൽ പ്രവർത്തി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി എം.ബുക്ക് തയ്യാറാക്കിയിട്ടില്ല. ടി എസ്റ്റിമേറ്റ് പ്രകാരമുള്ള എർത്ത് കട്ടിംഗ്, ഫില്ലിംഗ് എന്നിവ നടത്തിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ്എൻക്വയറിക്ക്, 2018-ലെ കാലവർഷംമൂലം ടി സ്ഥലത്ത് വെള്ളക്കെട്ടായതിനാൽ പ്രവർത്തി തുടങ്ങാൻ സാധിച്ചില്ലഎന്നും കലുങ്കിന്റെ ആവശ്യമുള്ളതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നു എന്നും മറുപടി ലഭ്യമാക്കി.അടങ്കൽ തുകയിൽ മാറ്റം വരാതെ എസ്റ്റിമേറ്റ് തയ്യാറാക്കി നം-75728/2017-18,12-11-2019 പ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 24-3-2018-ൽ എഗ്രിമെന്റ് വച്ച പ്രവർത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ് ലഭ്യമാക്കുന്നതിന്ഇത്രയും കാലതാമസം ഉണ്ടായതും കരാർ പ്രകാരമുള്ള പ്രവർത്തികൾ നടപ്പാക്കാത്ത സാഹചര്യത്തിൽ നിയമാനുസൃത നടപടികൾ. സ്വീകരിക്കാതിരുന്നതും അംഗീകരിക്കാവുന്നതല്ല.
ടി വർക്കുമായി ബന്ധപ്പെട്ട പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1) എഗ്രിമെന്റ് വച്ച് 7 ദിവസങ്ങൾക്കുള്ളിൽ പ്രവർത്തി ആരംഭിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം നടപടി ഉണ്ടാകാത്തതിനാൽ കരാറുകാരന് നോട്ടീസ് നല്കിക്കാണുന്നില്ല.
2) വർക്ക് ആരംഭിക്കാത്ത സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീടെണ്ടർ ചെയ്ത് വർക്ക് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
3)കരാറുകാരൻ വർക്കു ആരംഭിച്ചതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ സമയബന്ധിതമായി നടപടി കൈക്കൊള്ളാത്തതിനാൽ നിലവിൽ കോസ്റ്റ് ഇൻഡക്സ് 51.96% ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം വർക്ക് നടപ്പാക്കേണ്ടിവന്നു. കരാറുകാരൻ വർക്ക് ആരംഭിക്കാതിരിക്കുകയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് ബോധ്യമാകുകയും ചെയ്ത സാഹചര്യത്തിൽ നിലവിലുള്ള കോസ്റ്റ് ഇൻഡക്സ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി റീടെണ്ടർ നടത്തേണ്ടതായിരുന്നു. കൾവർട്ടിന്റെ പ്ലാറ്റ്ഫോം നിർമ്മാണത്തിന് ശേഷം പ്രവർത്തി നിർത്തിവച്ചതായി കാണുന്നു. സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടില്ല. 51.96% cost index പ്രകാരം വർക്ക് ചെയ്യുന്നതിലുണ്ടാകുന്ന അധിക തുക ബന്ധപ്പെട്ട എ.ഇ യില് നിന്നും ഈടാക്കേണ്ടതാണ്.

തുടർന്നുള്ള പ്രവർത്തികൾ ആരംഭിക്കുന്ന പ്രകാരം കൃത്യമായ തീയതികൾ രേഖപ്പടുത്തേണ്ടതും എംബുക്കിൽ അളവുകൾ രേഖപ്പെടുത്തി പാർട്ട് ബില്ലിൽ നിന്നും കരാർ തുകയുടെ 30% പിടിക്കേണ്ടതുമാണ്. അടിയന്തിരമായി പ്രവർത്തി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയതിന്റെ പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-16 അനധികൃത നിർമ്മാണം

2018-19 സാമ്പത്തിക വർഷം അസ്സസ്സ് ചെയ്ത ശ്രീ . മുഹമ്മദ് ഹാഷിം , തോപ്പിൽ വീട് , കമ്പലടി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 97.805 $m^2$ വിസ്തൃതിയുള്ള വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടത്തിൽ (നം.11/910) അസ്സസ്സ്മെന്റ് അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ളാനിൽ നിന്നും വ്യതിചലിച്ച് കെട്ടിടത്തിൻെറ മുൻഭാഗത്തും പിൻഭാഗത്തും നിർമ്മാണം നടത്തിയിരിക്കുന്നതായി 25/11/19 ൽ നടത്തിയ പരിശോധനയിൽബോധ്യപ്പെട്ടു. ടി അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് എൻകചയറി നൽകി.

ടി നിർമ്മാണങ്ങൾ അനധികൃതമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും പൊളിച്ചുകളയുന്നതിനായി 26/11/19 ന് നോട്ടീസ് നല്കി എന്ന് മറുപടി ലഭിച്ചു. ആയതിന് തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻകചയറി നം. 8, 28/11/19**

1-18 യന്ത്രത്തിൻെറ കുതിരശക്തിക്ക് അനുസരിച്ച് മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല

XVII/663 നം.കെട്ടിടത്തിൽ 2018-19 ൽ പ്രവർത്തനം ആരംഭിച്ച പരപ്പാടിയിൽ ഫുഡ്സ് എന്ന സ്ഥാപനത്തിന് ലൈസൻസ് ലഭിക്കുന്നതിനായി ഉടമ ശ്രീ.നൗഷാദ് ആൽഫിയ മൻസിൽ സമർപ്പിച്ച അപേക്ഷയിൽ 4.5 hp യുള്ള ഒരു യന്ത്രസാമഗ്രി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യൂണിറ്റെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. ലൈസൻസ് ഫീസിനോടൊപ്പം , മോട്ടോർ ഫീസിനത്തിൽ 50 രൂപയാണ് ഈടാക്കിയിരിക്കുന്നത്. എന്നാൽ 25/11/19 ൽ നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥാപനത്തിൽ 4 യന്ത്രങ്ങൾ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു.

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻകചയറിക്ക് ടി സ്ഥാപനം പ്രവർത്തനം തുടങ്ങിയതിന് ശേഷം സ്ഥാപിച്ചവയാണെന്നാണ് മറുപടി ലഭിച്ചത്.

1996 ലെ കെ.പി.ആർ. (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 18 പ്രകാരം ലൈസൻസ് നൽകുന്ന സ്ഥാപനത്തിലെ വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾക്ക് പട്ടിക 3 പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. ആയതിനാൽ ടി സ്ഥാപനത്തിൽ നിന്ന് മോട്ടോർ ഫീസ് പുതുക്കി നിശ്ചയിച്ച് ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻകചയറി നം.13,28/11/19**

1-19 ഗ്രാമസഭ ലിസ്റ്റിൽ ഇല്ലാത്ത ആളുകൾക്ക് ആനുകൂല്യം നൽകി

നിർവഹണ ഉദ്യോഗസ്ഥൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ 36

വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ 891643/-രൂപ

ചെലവ് 891643/-രൂപ

ബിൽ നമ്പർ 9/18-19/27-12-18---434948

12/18-19/21-1-19----108737

14/18-19/31-1-19----346315

1643/-(own fund)

ടി പ്രോജക്ടിൽ ഉൾപ്പെടുത്തിയ വാങ്ങിയ കട്ടിലുകൾക്ക് ആവശ്യത്തിന് ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ 8-2-19 തീയതിയിലെ 6(14) നമ്പർ തീരുമാനപ്രകാരം 25 ഗുണഭോക്താക്കളുടെ അധിക ലിസ്റ്റ് അംഗീകരിച്ചു. എന്നിട്ടും ആവശ്യത്തിന് ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ വീണ്ടും 15-6-2019 തീയതിയിലെ 4(4) നമ്പർ തീരുമാനപ്രകാരം നാലു ഗുണഭോക്താക്കളെ കൂടി അംഗീകരിച്ചു നൽകി. ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത 29 ഗുണഭോക്താക്കളെ അംഗീകരിച്ചുവെങ്കിലും 18 ഗുണഭോക്താക്കൾക്ക് കൂടി ആനൂകൂല്യം നൽകി. എന്നാൽ നാളിതുവരെ ടി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് ഗ്രാമസഭയിൽ വച്ച് സാധൂകരിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ അവശ്യത്തിന് ഗുണഭോക്താക്കൾ ഇല്ലാതിരുന്ന അവസ്ഥയിൽ ആവശ്യത്തിൽ കൂടുതൽ കട്ടിൽ വാങ്ങാനുണ്ടായ സാഹചര്യം വിശദീക്കേണ്ടതാണ്.

പ്രസ്തുത പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീ. രാജൻ , ആരോടിൽ (27-10-1965) വാർഡ് നമ്പർ 2 , ശ്രീമതി സരസമ്മ , സുരേഷ് ഭവൻ ( 30-4-1959) വാർഡ് 4 എന്നിവർക്ക് അറുപതു വയസ്സ് കഴിഞ്ഞിട്ടില്ല. ആയവർക്ക് ആനുകൂല്യം നൽകിയതിന്ററെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകചയറിക്ക് മറുപടിയായി തുടർ ഗ്രാമസഭയിൽ വച്ച് ആയത് ക്രമീകരിച്ചു നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാതിരുന്ന 18 ഗുണഭോക്താക്കൾ ക്കായി ചെലവഴിച്ച (18x4350)78300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 മരുന്ന് ലഭിച്ചിട്ടില്ല

ആശുപത്രിയിലേക്ക് മരുന്നു വാങ്ങാനായി തുക നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | മരുന്നു ലഭ്യമായത് | മരുന്നു ലഭ്യമാകാനുള്ളത് |
| --- | --- | --- | --- | --- | --- |
| ആയൂർ വേദാശുപത്രിക്ക് മരുന്നു വാങ്ങൽ 27/18-19 നിർവ്വഹണ ഉദ്യോഗസ്ഥൻ (മെഡിക്കൽ ഓഫീസർ, ആയുർവേദം) | 8,00,000/- | 8,00,000/- | 37/18-19/ 24-11-19 | 779449/- | 20551/- |
| പി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ 23/18-19, നിർവ്വഹണ ഉദ്യോഗസ്ഥൻ (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) | 2,00,000/- | 2,00,000/- | 6/18-19/19-12-18 | 0 | 200000/- |

ആയൂർവേദാശുപത്രിയിൽ ലഭ്യമായ ഇൻവോയ്സുകളിൽ താഴെ പറയുന്ന ഇനം മരുന്നുകൾ ലഭ്യമായിട്ടില്ല.

അശോകാരിഷ്ടം 450 ml 22 എണ്ണം

ഗുലുചായാദി കഷായ ചൂർണ്ണം 2 pkt

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആയത് ഉടൻ ലഭ്യമാക്കി അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മരുന്നു ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 1/24-11-2019, 05/27-11-2019

1-21 ലൈഫ് വീടു പണി തുടങ്ങിയിട്ടില്ല

<u>ലൈഫ് പദ്ധതി അവലോകനം</u>

ലൈഫ് പദ്ധതി യിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ –124
എഗ്രിമെന്റ് വച്ചവർ-115
വീടു പണി പൂർത്തിയാക്കിയവർ-107
ഒന്നാം ഗഡു മാത്രം കൈപ്പറ്റിയവർ-2
പൂർത്തീകരിക്കാൻ ശേഷിക്കുന്നവർ 8

ലൈഫ് വീടു പണിയ്ക്കായി താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും വീടു പണി പൂർത്തിയാക്കിയിട്ടില്ല.

1) ലീലാമ്മ ജെയിംസ്, വട്ടത്തുണ്ടിൽ , അമ്പലത്തുംഭാഗം വാർഡ് നമ്പർ 9 ( ജനറൽ)

ബിൽ നമ്പർ 253817/25-6-18----40,000/-

2) സോമവല്ലി, അമ്പിളിവിലാസം , വാർഡ് നമ്പർ 2(എസ്. സി)

ബിൽ നമ്പർ 566669/25-9-2018---40,000/-

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 80000/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 13/30-11-2019

1-22 ഹോംകെയറിന് അധികം നൽകി

നിർവഹണ ഉദ്യോഗസ്ഥൻ --മെഡിക്കൽ ഓഫീസർ പി. എച്ച്.സി

പ്രോജക്ട് -പാലിയേറ്റീവ് കെയർ

ബിൽ നമ്പർ 4/18-19/10-10-2018

സെപ്റ്റംബർ മാസം ഹോം കെയർ നടത്തിയതിന്റെ വാഹന വാടക സംബന്ധിച്ച് ഹാജരാക്കിയ വൌച്ചറുകൾ പ്രകാരം സബ് വൗച്ചർ നമ്പർ 17, 29 എന്നിവ പ്രകാരം 4-9-2018 തീയതിയിൽ ഹോം കെയർ നടത്തിയതിന്റെ വാഹന വാടകയാണ്. ഒരു ദിവസത്തേക്ക് രണ്ടു തവണ വാഹനവാടക നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടപ്പോൾ ബന്ധപ്പെട്ട വ്യക്തിയിൽ നിന്ന് തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈയിനത്തിൽ ചെലവഴിച്ച 1000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 അങ്കണവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല

അങ്കണവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് ഇല്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 28 അങ്കണവാടി കെട്ടിടങ്ങളിൽ 17 എണ്ണം സ്വന്തം കെട്ടിടങ്ങളും 11 എണ്ണം വാടക കെട്ടിടങ്ങളും ആണ്. ആയവയ്ക്ക് ഫിറ്റ് നസ് നൽകിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഫിറ്റ്നസ് സർട്ടിഫിക്കേറ്റുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും ആയത് ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അങ്കണവാടികളിൽ ഫിറ്റ്നസ് ലഭ്യമാക്കാൻ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ അങ്കണവാടി കെട്ടിടങ്ങളും ഫിറ്റ് നസ് ഉള്ളതാണ് എന്ന് ഉറപ്പാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-24 ഷോപ്പിംഗ് കോംപ്ലക്സ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ (IX,93) പ്രവർത്തിക്കുന്ന യു . എെ.ടി, ശാസ്താംകോട്ട എന്ന സ്ഥാപനത്തിൽ നിന്ന് ഡിസംബർ മുതൽ മാർച്ച് വരെയുള്ള നാല് മാസത്തെ വാടക (13201 x 4 = 52804 /-രൂപ) ഈടാക്കിയിട്ടില്ല.ഏപ്രിൽ മുതൽ നവംബർ വരെയുള്ള വാടക പ്രതിമാസം 12000 /- രൂപ എന്ന നിരക്കിലാണ് ഈടാക്കിയത്.

വാർഷിക വർദ്ധനവ് ഉൾപ്പെടെ പ്രതിമാസം 13201/- എന്ന നിരക്കിലാണ് ഈടാക്കേണ്ടിയിരുന്നത് . വാടക കുറവായി ഈടാക്കിയതിനാൽ 9608/-രൂപ (1201 x

8 = 9608) നഷ്ടം സംഭവിച്ചിട്ടുണ്ട്. വാടക വിവരങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് വാടക കുടിശ്ശികയും , കുറവ് വന്ന തുകയും ഈടാക്കുന്നതിനായി ശാസ്താംകോട്ട ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.എം.പി. നം.1301/19 ആയി കേസ് ഫയൽ ചെയ്തിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. കേസിൻെറ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

21/4/18 ലെ അജണ്ട നം. 2 ൽ യു .എെ.ടി. എന്ന സ്ഥാപനത്തിൽ നിന്ന് 2017-18 ലെ വാടക കുടിശ്ശിക 6864/-രൂപ ഈടാക്കണം എന്ന് വ്യക്തമാക്കുന്നു.വാടക കുടിശ്ശിക ഈടാക്കിയ വിവരങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് സി.എം.പി. നം.637/18 ആയി ശാസ്താംകോട്ട ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു.കേസിൻെറ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.2,23/11/19**

1-25 ലേലം

1.ചക്കുവള്ളി മാർക്കറ്റിൽ ഇറച്ചി വിൽപ്പന നടത്തുന്നതിനുള്ള അവകാശത്തിനായി 7/3/18 ൽ നടന്ന ലേലത്തിലും 28/3/18 ൽ നടന്ന പുനർലേലത്തിലും ആരും പങ്കെടുക്കാത്തതിനാൽ 9/5/18 ൽ സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം ഏറ്റവും ഉയർന്ന തുകയായ 7,90,000/- രൂപ ക്വാട്ട് ചെയ്ത ശ്രീ.സലിം എന്ന വ്യക്തിക്ക് ഉറപ്പിച്ച് നൽകി. എന്നാൽ ടി വ്യക്തി തുക അടവാക്കാത്ത സാഹചര്യത്തിൽ, ടി ക്വട്ടേഷൻ നിരസിച്ച് രണ്ടാമത്തെ ഉയർന്ന തുക ക്വാട്ട് ചെയ്ത ശ്രീ.സൈനുബ്ദ്ദീൻ എന്ന വ്യക്തിക്ക് ഇതെ തുകയ്ക്ക് കുത്തകാവകാശം അനുവദിച്ച് നൽകി.ടി വ്യക്തിയും 5,40,000/-(GST -1,42,200, EMD-1,00,000/-ഉൾപ്പെടെ ) രൂപയാണ് നാളിത് വരെ ഒടുക്ക് വരുത്തിയത്. ബാക്കി തുകയായ 3,92,000/-രൂപ ഈടാക്കിയിട്ടില്ല. ലേല വ്യവസ്ഥ 6 പ്രകാരം ക്വട്ടേഷൻ താൽക്കാലികമായി സ്ഥിരപ്പെടുത്തി ലഭിക്കുന്ന ആൾ ലേലതുക മുഴുവനും അപ്പോൾ തന്നെ പഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ബാക്കി തുക ഈടാക്കുന്നതിന് ശാസ്താംകോട്ട മുനിസിഫ് കോടതിയിൽ ഒ.എസ്. 215/18 നമ്പരായി കേസ് നൽകിയിട്ടുണ്ട് മറുപടി ലഭിച്ചു. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തിലേക്ക് ഇറച്ചി വിൽപ്പന നടത്തുന്നതിനുള്ള ലേലം നടന്നിട്ടില്ല. ലേലത്തിലും പുനർലേലത്തിലും , ക്വട്ടേഷനിലും തുക കുറവായിരുന്നതിനാൽ നിരസിച്ചുവെന്നും വീണ്ടും 29/11/19 പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ക്വട്ടേഷൻ ക്ഷണിക്കുന്നതാണ് എന്ന് വിശദീകരണം ലഭിച്ചു.

2.ലേല വ്യവസ്ഥ 7പ്രകാരം ക്വട്ടേഷൻ വിളി കേട്ട ആൾ ലേല തുക ഒടുക്കാതിരുന്നാൽ നിരതദ്രവ്യം പഞ്ചായത്തിൽ മുതൽകൂട്ടേണ്ടതാണ്.18/5/18 ലെ 8(1) ലെ കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ആദ്യം ക്വട്ടേഷൻ വിളി കേട്ട ശ്രീ.സലിമിൻെറ നിരതദ്രവ്യം (രസീത് നം.118010100460,9/5/18,തുക-1,00,000) പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല. ടി തുക മുതൽകൂട്ടി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3.ചക്കുവള്ളി മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശം 2017 -18 ൽ 57100/-രൂപയ്ക്കും , 2018 -19 ൽ 13000/-രൂപയ്ക്കാണ് അനുവദിച്ച് നൽകിയത് . ലേലം, പുനർലേലം, ക്വട്ടേഷൻ, എന്നിവയിൽ ആരും പങ്കെടുക്കാതിരുന്നതിനാലാണ് താരതമ്യേന കുറഞ്ഞ തുക ക്വോട്ട് ചെയ്ത വ്യക്തിക്ക് അനുവദിച്ച്

നൽകിയതെന്നുള്ള മറുപടി അംഗീകരിക്കാനാവില്ല. പഞ്ചായത്ത് നേരിട്ട് ഫീസ് പിരിച്ചിരുന്നുവെങ്കിൽ വരവ് നഷ്ടം ഒഴിവാക്കാമായിരുന്നു.ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**ഓഡിറ്റ് എൻക്വയറി നം.3,23/11/19**

4.ചക്കുവള്ളി മാർക്കറ്റിൽ നിർമ്മാണം പൂർത്തിയാക്കിയ പഞ്ചായത്ത് കോംപ്ലക്സ് പ്രവർത്തനരഹിതം

13 മുറികളുള്ള കെട്ടിടം വാടകയ്ക്ക് നൽകാതെ അടച്ചിട്ടിരിക്കുന്നതായി 25/11/19ലെ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. വൈദ്യുതീകരണം പൂർത്തിയാക്കാത്തതിനാലാണ് വാടകയ്ക്ക് നൽകാതിരുന്നത് എന്ന് മറുപടി ലഭിച്ചു. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.12,28/11/19**

1-26 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ അനധികൃത നിർമ്മാണം

യു.ഐ.ടി എന്ന സ്ഥാപനം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 9/93 നമ്പർ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പൊതാമരാമത്ത് വകുപ്പ് അസി. എഞ്ചിനീയർ 11,403/- രൂപ വാടക നിശ്ചയിച്ച് 7/2/15 ലെ കമ്മിറ്റി തീരുമാന നമ്പർ 14 (1) പ്രകാരം അംഗീകരിച്ച് 9/2 /2015 മുതൽ 1 വർഷത്തേക്ക് വാടകക്ക് നൽകി.കരാർ ഉടമ്പടിയിൽ കമ്മിറ്റിയുടെ അനുവാദത്തോടെ സ്ഥിരമായ ഘടനാ മാറ്റങ്ങൾ ഒന്നും തന്നെ വരുത്താതെ, താല്ക്കാലിക മാറ്റങ്ങൾ സ്വന്തം ചെലവിൽ ഏർപ്പെടുത്താവുന്നതാണ് എന്ന് വ്യക്തമാക്കുന്നു.

29/11/19 ൽ നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥാപനത്തിന്റെ ഉൾഭാഗം പ്ളാസ്റ്ററിംഗ് ചെയ്യാതെ കോൺക്രീറ്റ് ഇഷ്ടികകൾ അടുക്കി വേണ്ടത്ര അസ്ഥിവാരമില്ലാതെ മതിൽ കെട്ടി ഉയർത്തി വേർതിരിച്ചിരിക്കുന്നതായും, പുറം ഭാഗം മെറ്റൽ സ്റ്റെയർകേസ് സ്ഥാപിച്ചതായും , മുകളിൽ ട്രസ്സ് വർക്ക് ചെയ്തതായും ബോദ്ധ്യപ്പെട്ടു . ടി നിർമ്മാണങ്ങൾ സംബന്ധിച്ച പ്ളാൻ, എസ്റ്റിമേറ്റ് ചെലവു തുക വിവരങ്ങൾ എന്നിവ പഞ്ചായത്തിൽ ഹാജരാക്കിയിട്ടുണ്ടോ എന്നും ഈ നിർമ്മാണങ്ങൾക്ക് അനുമതി വാങ്ങിയിട്ടുണ്ടോ എന്നുള്ള എൻക്വയറിക്ക് ടി നിർമ്മാണം പഞ്ചായത്തിൻെറ അനുമതിയോടെയല്ല നടത്തിയതെന്ന് മറുപടി ലഭിച്ചു. സ്ത്രീശാക്തീകരണത്തിന് വേണ്ടി നിർമ്മിച്ച ടി കെട്ടിടത്തിൽ അനുമതിയില്ലാതെ അനധികൃത നിർമ്മാണം നടത്തിയിട്ട് നാളിതുവരെ പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. 8 /2 / 16 ൽ അവസാനിച്ച കാരാർ നാളിതുവരെ പുതുക്കിയിട്ടുമില്ല.

കോൺക്രീറ്റ് ഇഷ്ടികകൾ അടുക്കി വേണ്ടത്ര അസ്ഥിവാരമില്ലാതെ കെട്ടി ഉയർത്തിയിരിക്കുന്ന മതിൽ അനധികൃതവും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതുമാണ്. ഇത് സുരക്ഷാ ഭീക്ഷണി ഉയർത്തുന്നു. ടി സ്ഥാപനത്തിൻെറ വാടക കരാർ അടിയന്തിരമായി പുതുക്കേണ്ടതും, അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കി കെട്ടിടം പൂർവ്വസ്ഥിതിയിൽ നിലനിർത്തുവാൻ വേണ്ട ഉചിതമായ തീരുമാനങ്ങൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**ഓഡിറ്റ് എൻക്വയറി നം. 12, 23/11/19**

1-27 ഇടപ്ലാവിലവിള റോഡ് റീടാറിംഗ്-അപാകതകൾ

എം.ബുക്ക് നമ്പർ-

ഇടപ്ലാവില-കൊല്ലശ്ശേരി റോഡ് റീടാറിംഗ്, സൈഡ് വാൾ നിർമ്മാണം-
നിയമാനുസൃത പിഴ ഈടാക്കിയില്ല.

പദ്ധതി നം-so-51/18

കരാറുകാരൻ-രാജ്കുമാർ
ബിൽ നം. 72/18-19, 27.03.2019, തുക – 58,557/-രൂപ

എസ്റ്റിമേറ്റ്-10,00,000/-രൂപ

പ്രവർത്തിയുടെ ടെണ്ടറിൽ എറ്റെം റേറ്റ് കാട്ട് ചെയ്ത ശ്രീ രാജ്കുമാർ എന്ന കരാറുകാരന് 929460/-രൂപക്ക് വർക്ക് അനുവദിച്ചു നല്കി.നം-47/ae/l.s.g.d/pgp/17-18,22-12-17 എഗ്രിമെന്റ് വച്ചു. എന്നാൽ നാലു മാസ കാലാവധിക്ക് കരാർ വച്ച വർക്ക് പൂർത്തീകരിച്ച് ഒന്നാം പാർട്ട് ബിൽ നൽകിയത് 27-3-19നും രണ്ടാം പാർട്ടുബിൽ നൽകിയത് 12-11-19നുമാണ്.

കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ സപ്ളിമെന്ററി എഗ്രിമെന്റ് വച്ചിട്ടില്ല. ഒന്നാം പാർട്ട്ബില്ലിൽനിന്നും റിടെൻഷൻ തുക മാത്രമാണ് ഈടാക്കിയത്. മരാമത്ത് മാന്വൽ പാർട്ട് III, സെക്ഷൻ 2116-2.1 പ്രകാരം I part Bill -ൽ നിന്നും 30% തുക ഈടാക്കിയിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് പൂർത്തീകരണ കാലാവധി നീട്ടനല്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% തുക ആദ്യത്തെ മൂന്നുമാസവും തുടർന്നുള്ള ഓരോ മൂന്നുമാസവും 2% വീതവും പിഴ ഈട്ക്കേണ്ടതാണ്. എന്നാൽ3% തുക 17507/-രൂപ മാത്രമാണ് ഈടാക്കിയട്ടുള്ളത്.

23-12-17 to 22-3-18=1%x929460=9,294/-രൂപ

23-3-18 to 22-6-18=2%x929460=18,588/-രൂപ

23-6-18 to 22-9-18=2%x929460=18,588/-രൂപ

23-9-18 to 22-12-18=2%x929860=18,588/-രൂപ

23-1218 to 22-3-19=2%x929860=18,588/-രൂപ

ആകെ-83646/-രൂപ പിഴയിനത്തിൽ (83646—17507) =66139/-രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-28 കുന്നുവിള-പുത്തൻവീട് റോഡ് സൈഡ് വാൾ നിർമ്മാണം
പദ്ധതിനമ്പർ-159/18-19
എസ്റ്റിമേറ്റ് – 414000/-രൂപ
കുന്നുവിള-പുത്തന് വീട് സൈഡ് വാൾ നിർമ്മാണം എന്ന പ്രവർത്തിക്ക് ടെണ്ടർ അംഗീകരിച്ചു കിട്ടിയ ശ്രീ. മുഹമ്മദ് ഖുറേഷി എന്ന കരാറുകാരന് നമ്പർ-56/എ.ഇ/എൽ/എസ്.ജി.ഡി/17, തീയതി-29/12/2017 പ്രകാരം എഗ്രിമെന്റ് വച്ചിരുന്നു. എന്നാൽ വർക്ക് പൂർത്തീകരിച്ച് അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 16-7-2019-നാണ്. കാലാവധി അവസാനിച്ചിട്ടും ഫൈന് ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നതിനോ കരാർ റദ്ദ് ചെയ്യുന്നതിനോ ഉള്ള നടപടി സ്വീകരിച്ചിട്ടില്ല. ടിയാന് വർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് രേഖാമൂലം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല. പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവർത്തി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കേരള പൊതു മരാമത്തു മാന്വൽ സെക്ഷൻ 2116.2.1 അനുസരിച്ച് പാർട്ട് ബിൽ തയ്യാറാക്കി പി.എ.സി യുടെ 30 ശതമാനം ഈടാക്കി പ്രവർത്തി ത്വരിതപ്പെടുത്തേണ്ടതായിരുന്നു. പ്രവർത്തിയുടെ പുരോഗതി വീക്ഷിക്കുന്നതിൽ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തു അനാസ്ഥയുണ്ടായതായി കാണുന്നു.

2019-20 വർഷം ആകെ330779/- മൂല്യത്തിൽ പ്രവർത്തി ചെയ്ത് 327471/-രൂപ കരാറുകാരന് നല്കിയിട്ടുണ്ട്. കരാർ തീയതി മുതൽ ബിൽ തീയതി വരെ ആദ്യത്തെ മൂന്നു മാസം പി.എ.സിയുടെ 1 ശതമാനവും തുടർന്നുള്ള ഓരോ മൂന്നു മാസവും 2 ശതമാനം വീതവും
ഈടാക്കുന്നതിന് പകരം ആകെ 9,923/- രൂപ മാത്രമാണ് ഈടാക്കിയത്. പ്രവർത്തികൾ അനന്തമായി നീണ്ടുപോകുന്നത് ഒഴിവാക്കേണ്ടതും സ്പിൽ ഓവർ വർഷംതന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഹോംകെയറിന് അധികം നൽകി

നിർവഹണ ഉദ്യോഗസ്ഥൻ --മെഡിക്കൽ ഓഫീസർ പി. എച്ച്.സി

പ്രോജക്ട് -പാലിയേറ്റീവ് കെയർ

ബിൽ നമ്പർ 4/18-19/10-10-2018

സെപ്റ്റംബർ മാസം ഹോം കെയർ നടത്തിയതിന്റെ വാഹന വാടക സംബന്ധിച്ച് ഹാജരാക്കിയ വൌച്ചറുകൾ പ്രകാരം സബ് വൗച്ചർ നമ്പർ 17, 29 എന്നിവ പ്രകാരം 4-9-2018 തീയതിയിൽ ഹോം കെയർ നടത്തിയതിന്റെ വാഹന വാടകയാണ്. ഒരു ദിവസത്തേക്ക് രണ്ടു തവണ വാഹനവാടക നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടപ്പോൾ ബന്ധപ്പെട്ട വ്യക്തിയിൽ നിന്ന് തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈയിനത്തിൽ ചെലവഴിച്ച 1000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019 – 16.07.2019 | കെഎസ്.എ-കെ.എൽ.എം. പി.10/1150/19, തീയതി 31.08.2019 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | (₹) | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1254769 | ലൈഫ് ഭവന പദ്ധതി (S0077/19) | 1254769 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1067595 | ലൈഫ് ഭവന പദ്ധതി എസ്.സി (S0078/19) | 1067595 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 130700 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. (S0029/19) | 130700 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 4,00,000 | പാലിന്സബ്സിഡി (S0024/19) | 109270 | 290730 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3,50,000 | 44൦ംനമ്പർ അംഗൻവാടി നിർമ്മാണം (S00126/19) | 194311 | 155689 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 232500 | നെൽകൃഷി വികസനം (S0012/19) | 127500 | 105000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അങ്കൻവാടി പൂരക പോഷകാഹാര പദ്ധതി (S0031/19) | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 115000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. (S0029/19) | 115000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2113566 | ലൈഫ് ഭവന പദ്ധതി (S0077/19) | 1680000 | 433566 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1267429 | ലൈഫ് ഭവന പദ്ധതി എസ്.സി (S0078/19) | 1267429 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 97500 | നെൽകൃഷി വികസനം (S0012/19) | 97500 | |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക (രൂപ) | ചെല വഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (21/19) | 21801257 /22.06.2018 | 2724105 | 0 | 2724105 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (24/19) | 194789 | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,98,01,031/-രൂപ വരവുണ്ട്. 1,98,01,031/- രൂപയിൽ 1,98,01,031/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ഹഡ്കോ ലോൺ | 19801031 | | | | 19801031 |

•

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 249/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | ഖ.3-1 | 240 | ശോഭന.ആർ, പുന്നവിള പടിഞ്ഞാറ്റതിൽ | 118010101024/ 07/07/2017 |
| 2018-19 | ഖ.3-2 | 9 | സെക്രട്ടറി | 118010104573/ 01/02/2019 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 31 | 2001-02 | ഖ. 9 | ആടുകൾ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണന യിലാണ്. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 136221319 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 112613112 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3706975 |

## (ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 1000 | ഡോ.പ്രവീൺ, മെഡിക്കൽ ഓഫീസർ |

## <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 2724105 | ശ്രീ.ജയപ്രകാശ്, സെക്രട്ടറി |
| 1-13 | 120200 | ശ്രീ.ജയപ്രകാശ്, സെക്രട്ടറി |
| 1-14 | 304370<br>400000 | ശ്രീ.ജയപ്രകാശ്, സെക്രട്ടറി<br>ശ്രീമതി.ശ്രീലത, ഹെഡ്മാസ്റ്റർ |
| 1-19 | 78300 | ശ്രീമതി.അല്ലി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 1-21 | 80000 | ശ്രീ.റോബിൻ തോമസ്, വി.ഇ.ഒ |

## (സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

## (ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

# (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.പ്രവീണ്‍, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പോരുവഴി ഗ്രാമപഞ്ചായത്ത് | പി.ജി.നിവാസ്, നാവായിക്കുളം പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(2)/2018,12.04.2018 | 6 |
| 1998-99 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(3)/2018,12.04.2018 | 7 |
| 1999-00 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(4)/2018,12.04.2018 | 5 |
| 2000-01 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(5)/2018,12.04.2018 | 2 |
| 2001-02 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(6)/2018,12.04.2018 | 1 |
| 2002-03 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(7)/2018,12.04.2018 | 3 |
| 2003-04.2004-05 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(8)/2018,12.04.2018 | 2 |
| 2005-06 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(9)/2018,12.04.2018 | 4 |
| 2006-07 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 8 |
| 2007-08 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 10 |
| 2008-09 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 16 |
| 2009-10 | എൽ.എഫ്.ക്യൂപി2/1200/2014,.12.06.2014 | 18 |
| 2010-11 | എൽ.എഫ്.ക്യൂപി2/1200/2014,.12.06.2014 | 4 |
| 2011-12 | എൽ.എഫ്.ക്യൂപി2/2624/2014,05.03.2015 | 10 |
| 2012-13 | എൽ.എഫ്.ക്യൂപി2/2624/2014,05.03.2015 | 7 |

| | | |
|---|---|---|
| 2013-14 | കെ.എസ്സ്.എ-.എൽ.എം,പി2/94/16,02.09.2016 | 13 |
| 2014-15 | കെ.എസ്സ്.എ-കെ.എൽ.എം,<br>പി2/1171/16,01.08.2016 | 24 |
| 2015-16 | കെ.എസ്സ്.എ-കെ.എൽ.എം,<br>പി2/52/17,13.02.2017 | 30 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം.പി10-<br>1245/30.11.2017 | 18 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഒാഡിറ്റ് കാര്യാലയം, കൊല്ലം**

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സാക്ഷ്യപത്രം, 2018 -19</u>

നം.കെ.എസ്.എ.കെ.എൽ.എം.പി.10/1858/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in
തീയതി – 24/01/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2018 -19**ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം 2018-19</u>

No.KSA.KLM.P10/1858/2019, Dated – 24/01/2020

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Poruvazhy Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Poruvazhy Grama Panchayath** for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam

<u>അനുബന്ധം-2</u>
<u>അനുബന്ധ പത്രികകൾ</u>

| | | |
|---|---|---|
| *1* | *റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്* | *സംക്ഷിപ്തം (Audited Abstract)* |
| *2* | *ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്* | |
| *3* | *ബാലൻസ് ഷീറ്റ്* | |

**ഡെപ്യൂട്ടി ഡയറക്ടർ**
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്